# വിളവധികം
# വേലക്കാരോ ചുരുക്കം

**മത്താ. 9, 37**

## വിചിന്തനം
ഒക്ടോബർ 2025

ഇടയനില്ലാത്ത ആടുകളെപ്പോലെ നിസ്സഹായരും പരിഭ്രാന്തരുമായ ജനക്കൂട്ടത്തെ കണ്ടപ്പോൾ യേശു ശിഷ്യരോടു പറഞ്ഞ വാക്കുകളാണ് ഈ മിഷനറി മാസത്തിൽ നാം ധ്യാനിക്കുന്നത്. അവന് അവരോടു തോന്നിയ അനുകമ്പയുടെ ആഴം ഈ വാക്കുകളിൽ തെളിഞ്ഞു നില്ക്കുന്നു. എന്നാൽ വേലക്കാർ ചുരുക്കമായ ഈ വേല എന്താണ് ? അത് മിഷനറിയുടെ വേലതന്നെ. നാം എല്ലാവരും സുവിശേഷം പങ്കുവയ്ക്കാൻ വിളിക്കപ്പെട്ടവരാണെന്ന തിരിച്ചറിവിൽ ഈ വേലയുടെ ആവശ്യകതയും സ്വഭാവവും രീതികളും വ്യാപ്തിയും നമുക്കു മനസ്സിലാകും.

വിളവിന്റെ നാഥൻ പിതാവായ ദൈവമാണ്. 'വിളവധികം' എന്ന പദം എല്ലാവർക്കും ക്രിസ്തുവിനെ ആവശ്യമുണ്ടെന്ന് നമ്മെ ഓർമപ്പെടുത്തുന്നു. അക്രൈസ്തവ പശ്ചാത്തലത്തിൽ നിന്നു കുടുംബം ഒന്നാകെ നിരീശ്വരവാദത്തിലേക്കു എത്തിയ എന്റെ സഹപാഠിയുടെ അമ്മ ഒരിക്കൽ എന്നോട് ഒരു ബൈബിൾ ചോദിച്ചത് എന്നെ അത്ഭുതപ്പെടുത്തി; അവർ പറഞ്ഞത് ഇങ്ങനെയാണ് ''എന്റെ ഭർത്താവ് ഒരു കത്തോലിക്കാ ആശുപത്രിയിൽ ചികിത്സയിലായിരുന്നപ്പോൾ അവിടെ ഒരു ചില്ലുകൂട്ടിൽ വച്ചിരുന്ന ബൈബിൾ ഞാൻ വായിച്ചു. എനിക്ക് വലിയ ആശ്വാസവും സമാധാനവും തോന്നി''. എല്ലാ ഹൃദയങ്ങൾക്കും ക്രിസ്തുവിനെ ആവശ്യമുണ്ടെന്ന് എനിക്ക് ഉറപ്പായ നിമിഷമായിരുന്നു അത്.

വിളവ് ശേഖരിക്കപ്പെടുന്നത് മൂന്നു മാർഗങ്ങളിലൂടെയാണെന്ന് ഞാൻ കരുതുന്നു. ആദ്യത്തേത്, ഓരോരുത്തരും അവരുടെ സത്യാന്വേഷണത്തിന്റെ ഭാഗമായി സത്യത്തിന്റെ പൂർണതയായ ക്രിസ്തുവിനെ കണ്ടെത്തുന്നതാണ്. ഈ സത്യാന്വേഷികൾ അവനെ അറിയാൻ തുറവി കാണിക്കുകയും അവനെ ദൈവമായി സ്വീകരിക്കുകയും ചെയ്യും. സത്യത്തിനുവേണ്ടിയുള്ള ഈ അന്വേഷണം മതവിശ്വാസങ്ങൾക്ക് അതീതമായി ഒരുപാട് പേരിൽ കാണാറുള്ള ഒരു യാഥാർഥ്യമാണ്.

ജീവിത പ്രതിസന്ധികളുടെ നടുവിൽ ഒരാൾക്കുണ്ടാകുന്ന ഹൃദയപരിവർത്തനത്തിലൂടെ ക്രിസ്തുവിനെ കണ്ടെത്തുന്നതാണ് രണ്ടാമത്തെ വഴി. ഇത്തരം സാഹചര്യങ്ങളിൽ ആളുകൾ ക്രിസ്തുവിനെ തങ്ങളുടെ പ്രത്യാശയായി സ്വീകരിക്കാറുണ്ട്. വഴിയും സത്യവും ജീവനുമായ ക്രിസ്തുവിനെ നാം അവരുടെ മുന്നിൽ അവതരിപ്പിച്ചാൽ അവർക്ക് നിരാശയിലേക്കോ വഞ്ചനകളിലേക്കോ വിനാശകരമായ തീരുമാനങ്ങളിലേക്കോ പോകേണ്ടിവരില്ല.

മൂന്നാമത്തെ മാർഗം ക്രിസ്തുവിനെ വ്യക്തിപരമായി കണ്ടെത്തുകയും സ്വന്തം ജീവിതം രൂപാന്തരപ്പെടുത്തുകയും ചെയ്തവർ തങ്ങൾ അനുഭവിച്ച സ്നേഹത്തിന്റെ പൂർണതയിൽനിന്ന് ബോധപൂർവം ക്രിസ്തുവിനെ മറ്റുള്ളവർക്കു പരിചയപ്പെടുത്തുന്നതാണ്. ഇതായിരിക്കേണ്ടേ ഓരോ ക്രിസ്ത്യാനിയുടെയും പ്രത്യേകിച്ച് സുവിശേഷവേലയ്ക്കായി വിളിക്കപ്പെട്ട ജീസസ് യൂത്തിന്റെ മുഖമുദ്ര? നമ്മുടെയുള്ളിലെ മിഷനറി വിളി ദൈവാത്മാവ് ആളിക്കത്തിക്കുകയും അതുവഴി, ആയിരിക്കുന്ന സാഹചര്യങ്ങളിൽ ക്രിസ്തുവിനു സാക്ഷ്യംവഹിക്കാൻ നമുക്കു കഴിയുകയും ചെയ്യട്ടെ.

''യേശു അവരുടെ സിനഗോഗുകളിൽ പഠിപ്പിച്ചും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചും എല്ലാ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തിയും എല്ലാ നഗരങ്ങളിലും ഗ്രാമങ്ങളിലും ചുറ്റി സഞ്ചരിച്ചു'' (മത്താ 9,35). ഇവിടെ യഥാർത്ഥ മിഷനറി വേലയുടെ രീതി യേശു പറഞ്ഞുതരിക യാണ്. സ്നേഹിക്കുക, സുഖപ്പെടുത്തുക, പ്രഘോഷിക്കുക, പഠിപ്പിക്കുക, പഠിപ്പിക്കുന്നത് ജീവിക്കുക. തീക്ഷ്ണവും യഥാർഥവുമായ ആഗ്രഹത്തോടെ ക്രിസ്തുവിനെ പങ്കുവയ്ക്കുന്നവനാണ് യഥാർഥ മിഷനറി. വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയുമുള്ള ജീവിതസാക്ഷ്യങ്ങൾ വഴിയാണ് ഇത് പ്രധാനമായും സംഭവിക്കുന്നത്. നമ്മുടെ കുടുംബങ്ങളിലേക്കും അയൽക്കാരി ലേക്കും സഹപ്രവർത്തകരിലേക്കും സുഹൃത്തുക്കളിലേക്കും കണ്ണുതുറന്നു നോക്കുമ്പോൾ പാകമായ വിളവ് വളരെയേറെയാണെന്നും കർത്താവിന്റെ മുന്തിരിത്തോട്ടത്തിലേക്കു കൂടുതൽ വേലക്കാർ ആവശ്യമാണെന്നും നമുക്കു മനസ്സിലാകും.

വിളിച്ചവനെ യഥാർഥത്തിൽ കണ്ടെത്തുകയും തിരിച്ചറിയുകയും ചെയ്തവർക്കു മാത്രമേ സുവിശേഷവൽക്കരണ  വേല  തുടങ്ങാനും തുടരാനും സാധിക്കുകയുള്ളൂ. ക്രിസ്തുവിനെ കണ്ടു മുട്ടിയ ഹൃദയത്തിന്റെ സ്വാഭാവികമായ തീക്ഷ്ണതയിൽ നിന്നാണ് മിഷനറി പ്രവർത്തനം ഉത്ഭവി ക്കുന്നത്. അവനെ വ്യക്തിപരമായി കണ്ടെത്താത്തവരും തിരിച്ചറിയാത്തവരും താഴ്മയോടെ അതിനായി പ്രാർഥിക്കുകയും ആഗ്രഹിക്കുകയും വേണം. ക്രിസ്തുവുമായുള്ള ആദ്യ കണ്ടുമുട്ട ലിനെ ഏറ്റവും ഗൗരവത്തോടെ പുൽകിയ പൗലോസിനെപ്പോലെ നമുക്കും ക്രിസ്തുവുമായുള്ള ആദ്യ കണ്ടുമുട്ടലിനെ ധ്യാനിക്കാം. ഈ കണ്ടുമുട്ടലിന്റെ ശക്തി, അഗ്രിപ്പാ രാജാവിന്റെ മുൻപിൽ വിചാരണ ചെയ്യപ്പെടുന്ന പൗലോസ് നമുക്ക് മനസ്സിലാക്കിത്തരുന്നുണ്ട്. ''ഞാൻ ഈ സ്വർഗീയ ദർശനത്തോട് അനുസരണക്കേടു കാണിച്ചില്ല'' (അപ്പ. 26, 19).

വിളഞ്ഞുപാകമായ വയൽ സമയത്തു കൊയ്യുന്നത് കർഷകനെ സംബന്ധിച്ച് എത്ര പ്രധാനമാണ്! അതുപോലെ ദൈവം തയാറാക്കിയിരിക്കുന്ന വിളവ്  യഥാസമയം ശേഖരിക്കാൻ ഓരോ മിഷന റിക്കും ഉത്തരവാദിത്വമുണ്ട്. താമസിച്ചാൽ വിളകൾ നശിച്ചുപോകാനുള്ള സാധ്യതയുള്ളതിനാൽ സമയത്തെ കൃത്യതയോടെ  നാം ഉപയോഗിക്കണം. ദൈനംദിനജീവിതത്തിൽ ദൈവം നമ്മുടെ മുന്നിലെത്തിക്കുന്ന വിളവ് തിരിച്ചറിഞ്ഞു  പ്രതികരിക്കാൻ തക്കവിധം ജാഗ്രതയും ഉണർവുമുള്ള ഹൃദയത്തിനായി നമുക്കു പ്രാർഥിക്കാം. ഈ മിഷനറി മാസത്തിൽ ഒരു ജീസസ് യൂത്തെന്ന നിലയിൽ, ആത്മാക്കളെ ക്രിസ്തുവിലേക്കെത്തിക്കാനുള്ള  വേലയിൽ പങ്കുചേരാൻ  നമുക്കു ചുറ്റുമുള്ള എല്ലാ വിശ്വാസികളെയും ക്ഷണിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യാം.

അഡ്വ: റൈജു വർഗീസ്.

---

*ജീസസ് യൂത്ത് അന്താരാഷ്ട്ര കൗൺസിലിന്റെ കോർഡിനേറ്ററായിരുന്ന അദ്ദേഹം മുന്നേറ്റത്തിന്റെ മിഷൻ ടീമംഗമാണ്. ഭാര്യ ദീപയോടും മൂന്നു മക്കൾക്കുമൊപ്പം കോതമംഗലത്ത് താമസിക്കുന്നു.*